## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 112 — 11.06.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവള പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഇ.പി. ജയരാജൻ:</td><td colspan="2">ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ഒന്നാംഘട്ട, രണ്ടാംഘട്ട, മൂന്നാംഘട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചത് എന്നാണെന്നും ഒന്നാംഘട്ട, രണ്ടാം ഘട്ട വിജ്ഞാപനങ്ങൾ പ്രകാരം ഓരോ ഘട്ടത്തിലും എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്;</td><td>(എ)</td><td><table>
<tr><th>ഘട്ടം</th><th>വിജ്ഞാപനം പുറപ്പെടുവിച്ച തീയതി</th><th>ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം</th></tr>
<tr><td>ഒന്നാം ഘട്ടം</td><td>04.03.1998</td><td>192.18 ഏക്കർ</td></tr>
<tr><td>രണ്ടാം ഘട്ടം</td><td>22.08.2007</td><td>1085.60 ഏക്കർ</td></tr>
<tr><td>മൂന്നാം ഘട്ടം</td><td>22.07.2009</td><td>NIL</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഭൂമി ഏറ്റെടുത്തതിന് ഓരോ ഘട്ടത്തിലും ആകെ എത്ര തുക സ്ഥലവിലയായി നൽകിയെന്നും തുക എപ്പോഴാണ് നൽകിയതെന്നും അറിയിക്കുമോ;</td><td>(ബി)</td><td><table>
<tr><th>ഘട്ടം</th><th>നൽകിയ സ്ഥല വില</th><th>നൽകിയ കാലയളവ്</th></tr>
<tr><td>ഒന്നാം ഘട്ടം</td><td>8.58 കോടി രൂപ</td><td>2000-2001</td></tr>
<tr><td>രണ്ടാം ഘട്ടം</td><td>234 കോടി രൂപ</td><td>01.06.2009 - 19.11.2010</td></tr>
</table></td></tr>
<tr><td>(സി)</td><td>മൂന്നാംഘട്ടമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം എന്നാണ് പുറപ്പെടുവിച്ചത്;</td><td>(സി)</td><td>22.07.2009 നാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | മൂന്നാം ഘട്ട വിജ്ഞാപനത്തിലൂടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഡി) | 783 ഏക്കർ. |
| (ഇ) | മൂന്നാം ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ഇ) | 24.03.2011 ന് കാലാവധി അവസാനിച്ചു. |
| (എഫ്) | ഇതിനോടകം ഏതെങ്കിലും വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; | (എഫ്) | ഉണ്ട്. മൂന്നാം ഘട്ട വിജ്ഞാപനം 22.07.2009 -ൽ പുറപ്പെടുവിച്ചെങ്കിലും പ്രസ്തുത വിജ്ഞാപനം വില്ലേജാഫീസിലും സ്ഥലത്തും പ്രസിദ്ധീകരിച്ചത് 24.03.2010 ലാണ്. പ്രസ്തുത തീയതിമുതൽ ഒരു വർഷത്തിനകം കരട് പ്രഖ്യാപനം അംഗീകരിച്ച് പുറപ്പെടുവിക്കാൻ കഴിയാത്തതു മൂലം 7 എൽ.എ ബ്ലോക്കുകളിൽ ഉൾപ്പെട്ട 142.60 ഏക്കർ ഭൂമിയുടെ വിജ്ഞാപനം റദ്ദായിട്ടുണ്ട്. |
| (ജി) | മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കേണ്ട ഭൂമിവില സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കുവാനും സ്ഥലം ഏറ്റെടുക്കുവാനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ജി) | മൂന്നാം ഘട്ടത്തിലുൾപ്പെട്ട 656 ഏക്കർ ഭൂമിയുടെ വില നിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാതല വില നിർണ്ണയസമിതി (ഡി.എൽ.പി.സി) ഭൂവുടമകളുമായി ചർച്ച നടത്തുകയുണ്ടായി. യോഗത്തിൽ കമ്മിറ്റി നിശ്ചയിച്ച വില അംഗീകരിക്കാൻ ഭൂവുടമകൾ തയ്യാറായില്ല. വില നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് പ്രസ്തുത യോഗത്തിന്റെ മിനിട്സ് സഹിതം റവന്യൂ വകുപ്പിന്റെ അംഗീകാരത്തിനും പരിഗണനക്കുമായി സമർപ്പിച്ചിട്ടുണ്ട്. |
| (എച്ച്) | ഒന്നാംഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഏറ്റെടുത്ത ഭൂമി എപ്പോഴാണ് കെ.ഐ.എ.എൽ -ന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എച്ച്) | ഒന്നാം ഘട്ടത്തിൽ സർക്കാർ നേരിട്ട് ഏറ്റെടുത്ത 192.18 ഏക്കർ ഭൂമി കണ്ണൂർ വിമാനത്താവള കമ്പനിയുടെ പേരിൽ 21.7.2011 ന് രജിസ്റ്റർ ചെയ്തു. രണ്ടാം ഘട്ടത്തിൽ കിൻഫ്ര ഏറ്റെടുത്ത 1085.60 ഏക്കർ ഭൂമിയിൽ നിന്നും 453 ഏക്കർ ഭൂമി സർക്കാർ മുഖേന വിമാനത്താളവ കമ്പനിയ്ക്ക് കൈമാറാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി കിയാലിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അനൗപചാരിക |

| | | | |
|---|---|---|---|
| | | | മായി കൈമാറിയിട്ടുണ്ട്. കിൻഫ്രയുടെ പക്കൽ നിന്നും മേൽപ്പറഞ്ഞ 453 ഏക്കർ ഭൂമി ഔപചാരികമായി സർക്കാരിനുവേണ്ടി ഏറ്റെടുത്ത് കിയാലിനെ ഏൽപ്പിക്കുന്നതിനു വേണ്ടി, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ലാ കളക്ടർ, കണ്ണൂർ വിമാനത്താവളത്തിനു വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ തഹസിൽദാർ നം.1 നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് കിൻഫ്ര രജിസ്ട്രാക്കി നൽകുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. അതിന്റെ ഭാഗമായി ഈട് വച്ച ബാങ്കുകൾ അവരുടെ ബാദ്ധ്യതകളിൽ നിന്നും പ്രസ്തുത ഭൂമിയെ ഒഴിവാക്കി റിലീസ് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള രജിസ്ട്രേഷൻ നടപടികളും നടന്നു വരികയാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത ബാക്കി ഭൂമി ലീസ് വ്യവസ്ഥയിൽ കിയാലിന് കൈമാറുന്നതിന് 13 ഫെബ്രുവരി 2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്സ്) 7/2012/ട്രാൻ പ്രകാരം ഉത്തരവായിട്ടുണ്ട്. കൈമാറ്റ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ഐ) | 2011 ജൂൺ 1- ന് ശേഷം നാളിതുവരെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഐ) | മൂന്നാംഘട്ടത്തിലുൾപ്പെട്ട 656 ഏക്കർ ഭൂമിയുടെ വില നിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയെ പല കാറ്റഗറികളായി തിരിച്ച് പ്രദേശികമായി നിലവിലുള്ള പ്രമാണങ്ങളിലെ വിലയുമായി താരതമ്യപ്പെടുത്തിയിട്ടുള്ള വില നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭൂ ഉടമകളുമായി ജില്ലാതല വില നിർണ്ണയ സമിതി പല ദിവസങ്ങളിലായി ചർച്ച നടത്തുകയും ആ യോഗനടപടികളുടെ മിനിറ്റ്സ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സ്റ്റേറ്റ്മെന്റുകൾ സഹിതം സർക്കാരിലേയ്ക്ക് സമർപ്പിച്ച ശുപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ റൺവേയ്ക്കു വേണ്ടി അധികമായി ആവശ്യമുള്ള 150 ഏക്കർ ഭൂമി കൂടി കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇതിനെല്ലാം പുറമെ രണ്ടാം ഘട്ടത്തിൽ അക്വയർ ചെയ്ത ഭൂമിയുടെ അവാർഡിനുശേഷമുള്ള തുടർനടപടികൾ, അതായത് കോടതിയിൽ നിലവിലുള്ള 300 -ലധികം LAR കേസ്സുകളുമായി ബന്ധപ്പെട്ട നടപടികൾ, പുനരധിവാസവുമായി ബന്ധപ്പെട്ട നടപടികൾ, റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്ന നടപടികൾ തുടങ്ങിയവയാണ് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. |

(signature)

സെക്ഷൻ ഓഫീസർ